# GLPS KALLARAKKAL

# ACADEMIC MASTER PLAN

## 2025 - 26



# ആമുഖം

## വിദ്യാലയം മികവിന്റെ കേന്ദ്രം

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം കേരളത്തിലെ പൊതു വിദ്യാലയങ്ങളുടെ പഠനാന്തരീക്ഷത്തിൽ വലിയ മാറ്റങ്ങൾ സാധ്യമാക്കിയിരിക്കുകയാണ്. സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയും നടപ്പിൽ വന്നിരിക്കുകയാണ്. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെട്ടതോടൊപ്പം പഠന നിലവാരത്തിലും പൊതുസമൂഹത്തിന്റെ പ്രതീക്ഷകൾക്കൊത്ത് ഉയരാൻ കോടക്കൽ ഗവ: എൽ.പി. സ്കൂളിന് കഴിഞ്ഞിട്ടുണ്ട്.

കുട്ടികളുടെ സമഗ്രമായ വളർച്ച ലക്ഷ്യം വെച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിലും സമയബന്ധിതമായി നടപ്പാക്കുന്നതിലും അക്കാദമിക മാസ്റ്റർ പ്ലാൻ പ്രയോജനപ്പെടുന്നു. അക്കാദമിക പ്രവർത്തനങ്ങളുടെ സർവതലങ്ങളെയും സ്പർശിക്കുന്ന സമഗ്ര രേഖയായി അക്കാദമിക മാസ്റ്റർ പ്ലാനിനെ ഞങ്ങൾ വിഭാവനം ചെയ്യുന്നു.

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് | : ഗവ. എൽ.പി. സ്കൂൾ, കല്ലറക്കൽ |
| മേൽവിലാസം | : കുന്നുമ്മൽ, (P.O) ചെണ്ടയാട്. കണ്ണൂർ ജില്ല 670692 |
| സ്കൂൾ കോഡ് | : 14501 |
| വിദ്യാഭ്യാസ ഉപജില്ല | : പാനൂർ |
| വിദ്യാഭ്യാസ ജില്ല | : തലശ്ശേരി |
| റവന്യൂ ജില്ല | : കണ്ണൂർ |
| ബി.ആർ.സി | : പാനൂർ |
| സി.ആർ.സി | : കുന്നോത്ത് പറമ്പ് |
| ഗ്രാമ പഞ്ചായത്ത് | : കുന്നോത്ത് പറമ്പ് |
| ബ്ലോക്ക് പഞ്ചായത്ത് | : കൂത്തുപറമ്പ് |
| ജില്ല പഞ്ചായത്ത് | : കണ്ണൂർ |
| നിയമസഭാ മണ്ഡലം | : കൂത്തുപറമ്പ് |
| ലോക സഭാ മണ്ഡലം | : വടകര |
| താലൂക്ക് | : തലശ്ശേരി |
| വില്ലേജ് | : പുത്തൂർ |
| ഇ-മെയിൽ | : glpskallaraykal@gmail.com |

# പൊതു ലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പു വരുത്തുക.

2. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, അറബി ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പ് വരുത്തുക.

3. ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കുക.

4. വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കുക.

5. ആധുനിക സാങ്കേതിക വിദ്യ സാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്സ് മുറികളിൽ ഉപയോഗിച്ച് മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പ് വരുത്തും.

6. സയൻസ് ലാബ് കൂടുതൽ മെച്ചപ്പെടുത്തും

7. ഒന്നാം ക്ലാസ്സുമുതൽ 4ാം ക്ലാസ്സുവരെയുള്ള കുട്ടികൾക്ക് അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക് ഷീറ്റുകൾ ലഭ്യമാക്കും.

8. സ്കൂൾ ക്യാമ്പസ് ഒരു പാഠപുസ്തകം എന്ന ആശയം മുൻനിർത്തി അറിവു നിർമ്മാണ ഇടങ്ങളാക്കി മാറ്റും.

9. ആശയ പ്രകടന ശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ തരത്തിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും.

# അക്കാദമികം

| നേട്ടങ്ങൾ | പരിമിതികൾ |
| --- | --- |
| • അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന അധ്യാപക സമൂഹം<br>• ആധുനിക രീതിയിൽ നവീകരിച്ച ശിശുസൗഹൃദമായ കെട്ടിട സമുച്ചയം.<br>• മികച്ച ലൈബ്രറി, കമ്പ്യൂട്ടർ പഠന സൗകര്യം.<br>• 'ഓരോ കുട്ടിയും ഒന്നാമനാണ്' പദ്ധതി കുട്ടികളുടെ അഭിരുചിയും കഴിവും പരിഗണിച്ച് പരിശീലനം ലഭ്യമാക്കുന്നു.<br>• കലാപഠനം, പ്രവൃത്തി പരിചയം, കായികപഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം.<br>• പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് | • മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിതശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.<br>• മികച്ച ലൈബ്രറി സംവിധാനങ്ങൾ ഉണ്ടെങ്കിലും സ്വതന്ത്രമായി കുട്ടികൾക്ക് ഇടപെടാനുള്ള അവസരമില്ല.<br>• വായനയ്ക്ക് നല്ല പ്രോത്സാഹനം വിദ്യാലയം നൽകുന്നുണ്ടെങ്കിലും നന്നായി പുസ്തകം വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്.<br>• മത്സരപരീക്ഷയിൽ പ്രത്യേകിച്ച് പൊതുവിജ്ഞാന മേഖലയിൽ കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്. |

| | |
|---|---|
| പ്രത്യേക പിന്തുണ പ്രവർത്തനങ്ങൾ.<br>• സർഗ്ഗാത്മക വേദി, ആശയ പ്രകടന വേദികൾ, ജനാധിപത്യവേദികൾ എന്നിവ<br>• പാഠ്യേതര പ്രവർത്തനങ്ങൾ ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു.<br>• കാർഷിക പ്രവൃത്തികൾ, ജൈവ വൈവിധ്യ അന്തരീക്ഷം എന്നിവ കുട്ടികൾക്ക് പ്രദാനം ചെയ്യൽ. | • കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്. |

# ലക്ഷ്യങ്ങൾ

ഭാഷാവികാസനം.

- എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
- എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമായ തരത്തിലുള്ള ആശയവിനിമയ ശേഷി നേടി എന്നുറപ്പുവരുത്തുക.
- കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
- സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം ഒരുക്കുക.
- ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
- ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
- മികച്ച വായനാശീലം വളർത്തുക.

# ഇംഗ്ലീഷ്

- ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക.
- ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക.
- സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക
- സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.
- ക്ലാസ്‌തല വായനാമൂല, സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.
- ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാനാവശ്യമായ റിസോഴ്സുകളും സന്ദർഭങ്ങളും തയ്യാറാക്കാനായി രക്ഷിതാക്കളുടെ പിന്തുണയോടുകൂടി വർക്ക്ഷോപ്പുകൾ ആസൂത്രണം ചെയ്യുക.
- പസിലുകളും റിഡിലുകളും കൂടുതൽ ഉപയോഗപ്പെടുത്തി ഭാഷയിൽ താല്പര്യം വർധിപ്പിക്കുക.

## പരിസരപഠനം

- ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക.
- ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വളർത്തുക.
- ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.
- ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.
- ആധുനിക ശാസ്ത്രസാങ്കേതിക വിദ്യ സാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.

## സാമൂഹികബോധം

- ജനാധിപത്യ ബോധങ്ങൾ ഒരുക്കുക.
- സമൂഹത്തിന്റെ മുമ്പോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.
- ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക
- ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ തുടങ്ങിയവ സംഘടിപ്പിക്കൽ

## ഐ.സി.ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

- വിവരസാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
- അറിവ് നിർമാണ പ്രക്രിയയിൽ വിവര സാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുക.

## പ്രവൃത്തി പരിചയം

1. നിർമാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
2. പാഴ്‌വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ പ്രയോജനാത്മകമായ ഉല്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
3. ഇതര വിഷയങ്ങളുമായി/പഠനവുമായി പ്രവൃത്തി പരിചയത്തെ ഉൾഗ്രഹിച്ച് അനുഭവങ്ങളൊരുക്കുന്നു.

## കലാപരിശീലനം

* കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.
* കലാഭിരുചി വളർത്തുക.
* ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക
* ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.
* 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികളൊരുക്കുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം

* എല്ലാ കുട്ടികൾക്കും ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് അവസരം ഉണ്ടാക്കുക.
* ആരോഗ്യ ശീലങ്ങൾ വളർത്തുക.
* മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഒരു ലക്ഷ്യം കൈവരിക്കുന്നതിനും പ്രാപ്തരാക്കുക.

# ഗണിതം

- അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
- ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
- ഓരോ ക്ലാസിലും നേടേണ്ട ശേഷികൾ നേടി എന്നുറപ്പാക്കുക.
- ഗണിത ചിന്ത, യുക്തിചിന്ത, വിശകലന ശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## ഭാഷ

പ്രവർത്തനം 1 : എന്റെ പിറന്നാൾ പുസ്തകം

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | * എന്റെ പിറന്നാൾ പുസ്തകം<br>ക്ലാസ് ലൈബ്രറികൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി "എന്റെ പിറന്നാൾ പുസ്തകം" പരിപാടിയിലൂടെ പുസ്തകം ശേഖരിക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | |
| | * വായന കോർണർ<br>ഒഴിവ് സമയങ്ങളിൽ വായിക്കുവാൻ പ്രത്യേകം വായന കോർണർ ഒരുക്കുന്നു. | ജൂൺ - മാർച്ച് | ലൈബ്രേറിയൻ | |
| | * സ്കൂൾ ലൈബ്രറി<br>സ്കൂൾ ലൈബ്രറി വിപുലീകരിക്കൽ | ജൂൺ - മാർച്ച് | അധ്യാപകർ | |

| | | | | |
|---|---|---|---|---|
| ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ വരച്ചെഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്. | • SRG<br>• ചിത്രകാർഡ്, teaching aid നിർമ്മാണ ശില്പശാല<br>• ചിത്രവായന<br>• ഭാഷണത്തിനും എഴുതുവാനുമുള്ള അവസരം<br>• Reteach (നിധിവേട്ട)<br>അക്ഷരങ്ങളിച്ചും, മഴവില്ല് പ്രവർത്തനങ്ങൾ<br>• സചിത്ര പാഠരൂപീകരണം<br>• സംയുക്തഡയറി<br>• നാട്ടുവിശേഷക്കുറിപ്പെഴുത്ത് | | | |

| | | | | |
|---|---|---|---|---|
| | * വായനക്കാർഡ് നിർമ്മാണ ശിൽപശാല<br>* വായന കൂട്ടം<br>* അമ്മ വായന<br>* മലയാള മധുരം | മാസത്തിൽ ഒന്ന്<br>ജൂൺ– മാർച്ച് | അധ്യാപകർ<br>രക്ഷിതാവ് | |
| വായനാനുഭവങ്ങൾ അർഥപൂർണമായി അവതരിപ്പിക്കുന്നതിനുള്ള അവസരമൊരുക്കൽ. | * പുസ്തക പരിചയം<br>* പുസ്തക ചർച്ച<br>* ഉച്ചഭാഷിണി വായന | ജൂൺ – മാർച്ച് | അധ്യാപകർ | |
| വായനയെ അറിവ് നേടാനുള്ള ഉപാധിയാക്കി മാറ്റുന്നതിൽ | * പത്ര ക്വിസ്<br>* വായന ക്വിസ് | ജൂൺ – മാർച്ച് | അധ്യാപകർ | 1000 |

| | | | | |
|---|---|---|---|---|
| കുട്ടിയെ പ്രാപ്തനാക്കുക. | | | | |
| ഉപമേഖല : ലേഖനം | | | | |
| കുട്ടികൾക്ക് ചിത്രം വരയ്ക്കുന്നതിൽ ആത്മവിശ്വാസം വളർത്തുക | ചിത്ര രചന ശില്പശാല | ജൂലൈ | അധ്യാപകർ | 1000 |
| ഉപമേഖല : സർഗ്ഗാത്മക രചന | | | | |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക. | * രചന ശില്പശാല<br>* വീട്ടുമുറ്റ വായന സദസ്സ്<br>* ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ<br>* സംയുക്ത ഡയറി | | | |

| | | | | |
|---|---|---|---|---|
| | * സചിത്ര പുസ്തകം | ജൂൺ - മാർച്ച് | അധ്യാപകർ | പി.ടി.എ |
| പരിസര നിരീക്ഷണത്തിലൂടെ കണ്ടെത്തിയ കാര്യങ്ങൾ തെറ്റില്ലാതെ രേഖപ്പെടുത്താൻ കഴിയുന്നു. | നാട്ടുവിശേഷ കൂട്ടെഴുത്ത് | ജൂൺ - മാർച്ച് | അധ്യാപകർ | |
| ചുറ്റുപാടും നടക്കുന്ന സംഭവങ്ങൾ പത്രവാർത്താ രൂപത്തിൽ ആവിഷ്കരിക്കാൻ കഴിയുന്നു. | ക്ലാസ് പത്രം | മാസത്തിൽ ഒന്ന് | അധ്യാപകർ | |

# പരിസര പഠനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| • പരിസര പഠന പ്രക്രിയ ശേഷികൾ ഉറപ്പിക്കുന്നതിന് വിവിധ ശേഖരണ പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളികളാക്കുന്നു.<br><br>• നിരീക്ഷണ ശേഷി മെച്ചപ്പെടുത്തുന്നതിനും നിരീക്ഷണക്കുറിപ്പ് തയ്യാറാക്കുന്നതിനും കുട്ടികളെ പ്രാപ്തരാക്കുന്നു. | * വിവിധ ആൽബങ്ങൾ<br>• ഇല<br>• വിത്ത്<br>• തൂവൽ<br>• കൂട്<br>• ചിത്രങ്ങൾ<br>• വേര്<br>• മണ്ണ്<br><br>* നിരീക്ഷണ പ്രവർത്തനങ്ങൾ<br>• ശലഭം<br>• പക്ഷി<br>• പൂക്കൾ<br>• ചെടി<br>• വേര്<br>• ഇല<br>• ജീവികൾ<br>• കൂടുകൾ | June to March | അധ്യാപകർ | — |

| | | | | |
|---|---|---|---|---|
| • അറിവിന്റെ പ്രാഥമിക ഉറവിടമായ പ്രകൃതിയിൽ നിന്ന് നേരിട്ട് അറിവുകൾ ആർജ്ജിക്കുന്നതിന് അവസരമൊരുക്കുന്നു. | • ഫീൽഡ് ട്രിപ്പുകൾ<br>• കുന്ന്<br>• വയൽ<br>• കുളം<br>• പുഴ<br>• ഫല വർഗത്തോട്ടം<br>• പൊതുസ്ഥാപനങ്ങൾ | June to March | അധ്യാപകർ | 5000 |
| • പരിസര പഠനത്തിലെ ശേഷികൾ നേടുന്നതിന് ലഘു പ്രൊജക്ടുകൾ ചെയ്യുന്നതിന് കുട്ടികളെ പരിശീലിപ്പിക്കുന്നതിന്. | • ലഘു പ്രൊജക്ടുകൾ<br>• വിത്തുകൾ മുളപ്പിക്കൽ<br>• തൊഴിൽ സർവേ<br>• കുടിവെള്ള ശുചിത്വം<br>• യാത്രാ സംവിധാനങ്ങൾ<br>• ശുചിത്വം | | | |

## ഗണിതം

ഗണിത വർക്ക് ഷീറ്റ് ശില്പശാല

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠനനേട്ടങ്ങൾക്കും എല്ലാ കുട്ടികളെയും അർഹരാക്കുക. | എല്ലാ ക്ലാസ്സ് യൂണിറ്റുകളിലേയും പഠനനേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക് ഷീറ്റ് തയ്യാറാക്കൽ | ഓരോ ടേമിന്റെയും ആരംഭത്തിൽ | SSG | 4000 |
| പ്രവർത്തനം 2 ഗണിത ലാബ് | | | | |
| അടിസ്ഥാന ഗണിത ശേഷികൾ മുഴുവൻ കുട്ടികൾക്കും എത്തിക്കുക. | കുട്ടികൾക്ക് സ്വതന്ത്രമായി ഉപയോഗിക്കാൻ സഹായകമായ തരത്തിൽ ഗണിത ലാബ് സജ്ജമാക്കൽ | June | സ്കൂൾ മാനേജ്മെന്റ് | 15000 |
| ഗ.<br>ഗണിത പഠനം ലളിതവും ഉല്ലാസകരവുമാക്കുന്നതിന് | • ഉല്ലാസ ഗണിതം<br>• ഗണിത വിജയം<br>• കുട്ടിച്ചെപ്പ് ഗണിത പ്രവർത്തനങ്ങൾ | | | |

| | | | | |
|---|---|---|---|---|
| മന:ഗണിതത്തിൽ കഴിവ് നേടുന്നതിന് | ഓരോ ക്ലാസ്സിനും അനുയോജ്യമായ ചോദ്യങ്ങൾ തയ്യാറാക്കൽ<br>• ക്ലാസുകളിൽ നടപ്പാക്കൽ | അധ്യാപകർ | June to March | |
| ഗണിതാശയങ്ങളെ അപഗ്രഥിച്ച് കണ്ടെത്തലുകൾ നടത്തുന്നതിന് | ഓരോ ക്ലാസിന്റെ നിലവാരത്തിനനുസൃതമായ ചോദ്യങ്ങൾ തയ്യാറാക്കി നൽകൽ. | അധ്യാപകർ | June to march | |

# ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക | • Audio – video clippings on correct pronounciation<br>• classes on phonetics by experts<br>• ICT facilities<br>• video clipplings<br>• Readers theatre<br>• Language lab<br>• Formation of english club<br>• English assembly<br>• Developing translation skills | June to march | Teachers march | |

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന്. | • ഇംഗ്ലീഷ് ഡയറി ഓരോ ദിവസത്തെയും വീട്ടിലെയും സ്കൂളിലെയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക. | ആഴ്ചയിൽ ഒരു ദിവസം. | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷിലൂടെ ആവിഷ്ക്കാരത്തിന് കുട്ടികളെ പ്രാപ്തരാക്കുക. | രക്ഷിതാക്കളെ ഉപയോഗിച്ച് ഇംഗ്ലീഷ് റീഡിംഗ് കാർഡ് നിർമിക്കൽ. | ജൂലായ് | ഇംഗ്ലീഷ് ക്ലബ്ബ് | |

# സാമൂഹികാവബോധം

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലയളവ് | സാമ്പത്തി |
|---|---|---|---|---|
| ചർച്ചകൾ, സംവാദങ്ങൾ, അഭിമുഖങ്ങൾ ഇവയിലൂടെ സാമൂഹികമായ അറിവുകൾ നേടുന്നതിന്. | പ്രാദേശികമായി പ്രഗത്ഭരായ ആളുകളുമായി അഭിമുഖത്തിന് അവസരമൊരുക്കൽ. ക്ലാസ് തലത്തിൽ ചർച്ചകൾ നടത്തൽ. | അധ്യാപകർ | മാസം | 2000 |
| സാമൂഹ്യ സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന്. | പോസ്റ്റോഫീസ്, പഞ്ചായത്ത് വില്ലേജ്, ആശുപത്രി മുതലായവയിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ. | അധ്യാപകർ. | | 2000 |

# ആരോഗ്യ കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം | P.T പിരിയഡിൽ ഫിസിക്കൽ എക്സൈസ് ഗെയിംസ് പരിശീലനം നൽകുന്നു. | ജൂൺ – മാർച്ച് | അധ്യാപകർ | |
| എല്ലാ കുട്ടികൾക്കും കായികാരോഗ്യ-ക്ഷമത ഉറപ്പു വരുത്തുക. | ഹെൽത്ത് ചെക്കപ്പ് നടത്തുന്നു. | ജൂൺ – സെപ്തംബർ | അധ്യാപകർ | |
| * കുട്ടികളുടെ ആരോഗ്യം, മാനസികോല്ലാസം | സുംബ ഡാൻസ് | ജൂൺ- ഡിസംബർ | അധ്യാപകർ | |

# സർഗവേദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ സർഗാത്മക കഴിവുകൾ വളർത്തുക. | ആഴ്ചയിൽ ഒരു ദിവസം എല്ലാ ക്ലാസിലും സർഗവേദി നടത്തൽ. നേതൃത്വം - വിദ്യാർഥികൾ | എല്ലാ ആഴ്ചയിലും | SRG | |

## പ്രകടന വേദികൾ (സോഷ്യൽ മീഡിയ)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഓരോ കുട്ടികളുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിനവസരമൊരുക്കുന്നു. | കുട്ടികളുടെ മികവുകൾ സ്കൂൾ യൂട്യൂബ് ചാനൽ വഴി സമൂഹവുമായി പങ്കുവയ്ക്കൽ. | ജൂൺ - മാർച്ച് | SRG | |

# പ്രവൃത്തി പരിചയം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| * നിർമ്മാണത്തിനുള്ള കഴിവുകൾ വളർത്തി കുട്ടികളിൽ വികസിപ്പിക്കുക | • പ്രവൃത്തി പരിചയ ദിനത്തിൽ പരിശീലനം ലഭ്യമാക്കൽ. ശിൽപശാലകൾ നടത്തുന്നു. നിർമ്മാണം : ചന്ദനത്തിരി, പാവ ചോക്ക് etc.<br>• പേപ്പർ ബാഗ് നിർമ്മാണം പരിശീലനം. | | | |
| * ഇതര വിഷയവുമായി പ്രവൃത്തി പരിചയത്തെ ബന്ധപ്പെടുത്തുക. | • ഒറിഗാമിയിൽ പരിശീലനം നൽകൽ.<br>• പാഠഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ പരിശീലനം ലഭ്യമാക്കൽ. | | | |

# വിവര സാങ്കേതിക വിദ്യ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക. | പാഠഭാഗവുമായി ബന്ധപ്പെട്ട I.C.T സാധ്യതകൾ ശേഖരിച്ച് പരിചയപ്പെടുത്തൽ. | ഓരോ മാസത്തിലും | PSITC | |
| • കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം. | IT, ICT പ്രവർത്തനങ്ങൾ, പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ. | ജൂൺ- മാർച്ച് | PSITC | |

അറബിക്

# അറബിക്

പ്രവർത്തനം: 1
ഗ.ന. ലോക ഭാഷ - അറബി ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അറബി ഭാഷയിൽ അടിസ്ഥാന ശേഷികൾ നേടിയെടുക്കുക | * ഒഴിവു ക്ലാസുകൾ ഭാഷാ ശേഷികൾ വളർത്തി ഉറപ്പ് വരുത്തുക.<br>* മുന്നറിവ് പരിശോധന<br>* അക്ഷരങ്ങൾ ഉറപ്പിക്കൽ<br>* വാചകങ്ങൾ നിർമിക്കൽ<br>ഭാഷാ കളികൾ | ജൂൺ - മാർച്ച് | അറബി ടീച്ചർ | |
| പ്രവർത്തനം - 2<br>അറബി വായനോത്സവം | | | | |
| കുട്ടികളിൽ ലക്ഷ്യം വെച്ചുള്ള അറബി ഭാഷാപഠന നേട്ടങ്ങൾ ചുരുങ്ങിയ സമയത്തിലും ഉറപ്പ് വരുത്തുക | * വായനാ മത്സരം<br>* ക്ലാസ് ലൈബ്രറി.<br>* സ്കൂൾ ലൈബ്രറി<br>* അറബി പത്ര വായന | ജൂൺ - മാർച്ച് | അറബി ടീച്ചർ | |